കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 26/2023

25.10.2023

## ബറോഡ യു.പി. ഗ്രാമീണ ബാങ്കിൽ 268 ശാഖകൾ അടച്ചുപൂട്ടുന്നു

പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാണ് ഗ്രാമീണ ബാങ്കുകൾ. വാണിജ്യ ബാങ്കുകളുടെ സാങ്കേതിക വിദ്യകളും സഹകരണ സ്ഥാപനങ്ങളുടെ ജനകീയ സ്വഭാവവും സംയോജിപ്പിച്ചു കൊണ്ട് പ്രവർത്തിക്കുന്ന ഗ്രാമീണ ബാങ്കുകൾ രാജ്യത്തെ സാധാരണ ജനവിഭാഗങ്ങളിലേക്ക് ബാങ്കിംഗ് സേവനങ്ങൾ എത്തിക്കുന്നതിൽ നിർണായകമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.

എന്നാൽ നവ ഉദാരവൽക്കരണ സാമ്പത്തിക നയങ്ങളുടെ ഭാഗമായി, The Regional Rural Banks (Amendment) Act, 2015 പ്രകാരം ഗ്രാമീണ ബാങ്കുകളെയും സ്വകാര്യവൽക്കരിക്കാനുള്ള നിയമപരമായ അനുവാദം കേന്ദ്രസർക്കാർ നൽകിക്കഴിഞ്ഞു. ഇതിന്റെ ചുവട് വച്ചുകൊണ്ടാണ് ഇപ്പോൾ രാജ്യത്തെ നിരവധി ഗ്രാമീണ ബാങ്ക് ശാഖകൾ അടച്ചുപൂട്ടാനുള്ള നീക്കവുമായി ബാങ്ക് മാനേജ്മെന്റുകൾ രംഗത്തിറങ്ങിയിട്ടുള്ളത്.

ഉത്തർപ്രദേശിൽ പ്രവർത്തിക്കുന്ന ബറോഡ യു. പി. ഗ്രാമീണ ബാങ്കിന്റെ 268 ശാഖകളാണ് ഒറ്റയടിക്ക് അടച്ചുപൂട്ടാനുള്ള നിർദ്ദേശം ഇപ്പോൾ വന്നിരിക്കുന്നത്. പൊതുമേഖലാ ബാങ്കായ ബാങ്ക് ഓഫ് ബറോഡയാണ് ബറോഡ യു. പി. ഗ്രാമീൺ ബാങ്കിനെ സ്പോൺസർ ചെയ്യുന്നത്. അമേരിക്ക ആസ്ഥാനമായിട്ടുള്ള ബോസ്റ്റൺ കൺസൾട്ടൻസി ഗ്രൂപ്പ് എന്ന HR സ്ഥാപനത്തെയാണ് ഇത് സംബന്ധിച്ച പഠനത്തിനായി ബാങ്ക് ഓഫ് ബറോഡ ചുമതലപ്പെടുത്തിയിരുന്നത്. ഇത്തരത്തിൽ സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങളെ ബാങ്കിന്റെ പോളിസി വിഷയങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ പഠനം നടത്തുന്നതിനായി ചുമതലപ്പെടുത്തുന്നത് നിയമവിരുദ്ധമാണ്. ആറുകോടിയോളം രൂപ കമ്മീഷൻ ഇനത്തിൽ വാങ്ങി ബാങ്ക് ശാഖകൾ അടച്ചു പൂട്ടുന്നതിനുള്ള ശുപാർശ നൽകാൻ മിടുക്കുള്ള സ്ഥാപനമാണ് ബോസ്റ്റൺ കൺസൾട്ടൻസി. നേരത്തെ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ, കനറാ ബാങ്ക് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലും HR പരിഷ്ക്കാരങ്ങൾ നടത്തുന്നതിനായി പ്രസ്തുത ഏജൻസിയെ ഏൽപ്പിച്ചിരുന്നു. അവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പല പൊതുമേഖലാ സ്ഥാപനങ്ങളിലും റിക്രൂട്ട്മെന്റ് ഇല്ലാതായത് എന്നത് നമ്മുടെ നേർ അനുഭവമാണ്.

രാജ്യത്ത് ബാങ്കുകൾ, NBFC കൾ മുതലായ സ്ഥാപനങ്ങൾ തുടങ്ങാനുള്ള ലൈസൻസ് നൽകുന്നത് റിസർബാങ്ക് ഓഫ് ഇന്ത്യയാണ്. ഗ്രാമീണ ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ലൈസൻസ് നൽകുന്നത് SLBC (State Level Bankers Committee ), സംസ്ഥാന ഗവൺമെന്റ് തുടങ്ങിയ സംവിധാനങ്ങളുടെ നിർദ്ദേശപ്രകാരമാണ്. അത് പ്രധാനമായും ഗ്രാമീണ മേഖലയുടെ വികസനം, സാമ്പത്തിക ഉൾച്ചേർക്കൽ, പ്രാദേശിക സന്തുലനം തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ്. ഇക്കാര്യങ്ങൾ ആകെ വിസ്മരിച്ചു കൊണ്ടാണ് ബോസ്റ്റൺ കൺസൾട്ടൻസി പോലുള്ള സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങൾ നിയമവിരുദ്ധവും ജനവിരുദ്ധവുമായ നിർദ്ദേശങ്ങൾ മാനേജ്മെന്റുകളുടെ ഇംഗിതമനുസരിച്ച് നൽകുന്നത്. 268 ശാഖകൾ അടച്ചു പൂട്ടുമ്പോൾ അതിന്റെ ഭാഗമായി മാത്രം 20 ലക്ഷത്തോളം ഇടപെടുകാരെയാണ് നേരിട്ട് പ്രതികൂലമായി ബാധിക്കുക.

karline29.deviantart

മേൽപ്പറഞ്ഞ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ബറോഡ യു. പി. ഗ്രാമീണ ബാങ്കിലെ ജീവനക്കാർ പ്രക്ഷോഭ രംഗത്താണ്. ഒക്ടോബർ മാസത്തിൽ ഒരു ദിവസത്തെ പണിമുടക്കും, തുടർന്ന് അനിശ്ചിത കാല പണിമുടക്കിനും ആണ് AIRRBEA യിൽ അഫ്‌ലിയേറ്റ് ചെയ്തിട്ടുള്ള സംഘടനകൾ ഉൾക്കൊള്ളുന്ന ജോയിന്റ് ഫോറം ഓഫ് ബറോഡ യു. പി. ഗ്രാമീണ ബാങ്കിലെ 9 സംഘടനകളുടെ ഐക്യവേദി ആഹ്വാനം ചെയ്തിട്ടുള്ളത്. പ്രധാനമന്ത്രി നരേന്ദ്രമോഡി പ്രതിനിധീകരിക്കുന്ന വാരണാസി ലോക്സഭാ മണ്ഡലം, യു. പി. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പ്രതിനിധീകരിക്കുന്ന ഗോരക്പൂർ നിയമസഭാ മണ്ഡലം എന്നിവിടങ്ങളിൽ അടക്കമുള്ള ബാങ്ക് ശാഖകളാണ് ബിസിനസ് വർദ്ധനവ് ഇല്ല എന്ന പേരിൽ അടച്ചുപൂട്ടാൻ ഒരുങ്ങുന്നത്.

ഉത്തർപ്രദേശിലെ ബറോഡ യു. പി. ഗ്രാമീണ ബാങ്ക് ആയാലും ഇങ്ങു കേരളത്തിലെ കേരള ഗ്രാമീണ ബാങ്ക് ആയാലും, മാനേജ്മെന്റുകളെ നയിക്കുന്ന പൊതു വികാരം ഒന്നാണ്. അത്, കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നടപടികൾക്ക് ചൂട്ടു പിടിക്കുക എന്നതാണ്. ബോസ്റ്റൺ കൺസൾട്ടൻസി ബറോഡ യു. പി. ഗ്രാമീണ ബാങ്കിൽ വരുന്നതിനു മുൻപു തന്നെ, ബ്രാഞ്ച് മാനേജഴ്സ് കോൺഫറൻസിലും മറ്റും നമ്മുടെ ചെയർമാൻ പറഞ്ഞു നടക്കുന്നത് കേരള ഗ്രാമീണ ബാങ്കിൽ നിലവിൽ ജീവനക്കാർ അധികമാണെന്നാണ്. കനറാ ബാങ്കിൽ കഴിഞ്ഞ വർഷം ഇതേ ബോസ്റ്റൺ കൺസൾട്ടൻസി പഠനം നടത്തി കണ്ടുപിടിച്ചത് 25000 ജീവനക്കാർ അവിടെ അധികമാണെന്നാണ്. ഈ കാര്യം കൂടി നാം ഇതിനോട് ചേർത്ത് വായിക്കണം.

സ്ഥിരം ജീവനക്കാരുടെ എണ്ണം കുറയ്ക്കുക, പകരം താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുക എന്നുള്ളത് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന അവരുടെ പൊതു തത്വമാണ്. തൊഴിൽ നിയമ ഭേദഗതികളുടെ ഭാഗമായി വന്ന fixed term employment സമ്പ്രദായവും, അഗ്നിവീറും, SBOSS മെല്ലാം ഇതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്.

പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കുക, പരമ്പരാഗത ബാങ്കിംഗ് സമ്പ്രദായങ്ങൾക്ക് ബദലായി നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികളെ പ്രോത്സാഹിപ്പിക്കുക, ലോൺ ആപ്പുകൾ, മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ പോലുള്ള സംവിധാനങ്ങൾക്ക് നിയമപരമായ പരിരക്ഷ നൽകുക തുടങ്ങിയ കാര്യങ്ങളാണ് ഇപ്പോൾ ബാങ്കിംഗ് മേഖലയിൽ സർക്കാർ അനുമതിയോടെ നടന്നുകൊണ്ടിരിക്കുന്നത്. ബാങ്കിംഗ് വ്യവസായത്തിൽ സമഗ്രമായി ഇത്തരം രീതികൾ പരീക്ഷിക്കാൻ ഒരുങ്ങുകയാണ് കേന്ദ്ര സർക്കാർ. സ്വകാര്യ കോർപ്പറേറ്റുകളെ പോറ്റി വളർത്തുകയെന്നതാണ് അതിനു പിന്നിലെ താൽപ്പര്യം. കേന്ദ്രസർക്കാരിന്റെ അത്തരം തൊഴിലാളി – ജനവിരുദ്ധ നയങ്ങൾ തിരുത്തിക്കുക എന്നുള്ളത് മാത്രമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് നമ്മുടെ മുന്നിലുള്ള ഏക പ്രതിവിധി.

സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ നയം, രാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും വിഘാതം സൃഷ്ടിക്കുന്നതായതിനാൽ അതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നു വരേണ്ടതുണ്ട്. തൊഴിലാളികളും കർഷകരും കർഷകത്തൊഴിലാളികളും എല്ലാം ഒന്നിച്ച് അണിനിരക്കുന്ന ആ ഐക്യമുന്നണിയിലേക്ക് നാം ബാങ്ക് ജീവനക്കാരും പ്രവേശിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അത് ബാങ്കിംഗ് മേഖലയുടേയും നമ്മുടേയും നിലനിൽപ്പിന്റെ പ്രശ്നമാണെന്ന ഓർമ്മപ്പെടുത്തലോടെ.

**അഭിവാദനങ്ങൾ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

karline29.deviantart